# പൊറുത്തുതരാനായി ഒരു റബ്ബ്

عَنْ أَنَسِ بْنِ مَالِكٍ قَالَ: سَمِعْتُ رَسُولَ اللهِ ﷺ يَقُولُ : قَالَ اللهُ يَا ابْنَ آدَمَ إِنَّكَ مَا دَعَوْتَنِي وَرَجَوْتَنِي غَفَرْتُ لَكَ عَلَى مَا كَانَ فِيكَ، وَلاَ أُبَالِي يَا ابْنَ آدَمَ لَوْ بَلَغَتْ ذُنُوبُكَ عَنَانَ السَّمَاءِ ثُمَّ اسْتَغْفَرْتَنِي غَفَرْتُ لَكَ، وَلاَ أُبَالِي يَا ابْنَ آدَمَ إِنَّكَ لَوْ أَتَيْتَنِي بِقُرَابِ الأَرْضِ خَطَايَا ثُمَّ لَقِيتَنِي لاَ تُشْرِكُ بِي شَيْئًا لأَتَيْتُكَ بِقُرَابِهَا مَغْفِرَةً

**അനസുബ്നുമാലികി(റ)ൽ നിന്ന് നിവേദനം: പ്രവാചകൻ പറയുന്നതായി ഞാൻ കേട്ടു: "അല്ലാഹു പറയുന്നു: ഹേ മനുഷ്യാ, നീ നമ്മിൽ പ്രതീക്ഷയർപ്പിച്ചും പ്രാർഥിച്ചും കഴിയുന്നിടത്തോളം നിന്നിലുള്ള തെറ്റുകൾ നാം പൊറുത്തുതന്നിരിക്കുന്നു. ഹേ മനുഷ്യാ, ആകാശലോകത്തോളം വിസ്തൃതമാണ് നിന്റെ തെറ്റുകളെങ്കിൽ പോലും, നമ്മോട് നീ പശ്ചാത്തപിക്കുന്ന പക്ഷം നാം നിനക്കവ പൊറുത്തുതരും. നാമത് പ്രശ്നമാക്കുന്നില്ല. ഹേ മനുഷ്യാ, ഭൂലോകം നിറയെ പാപങ്ങളുമായാണ് നീ നമ്മെ കണ്ടുമുട്ടുന്നതെങ്കിലും, ഭൂലോകം നിറയെ പാപമോചനവുമായിട്ടാണ് നാം നിന്റെ അടുക്കലേക്ക് വരിക. നാമത് കാര്യമാക്കുന്നില്ല; നമ്മിൽ ശിർക്ക് ചെയ്യാത്തിടത്തോളം കാലം." (തിർമിദി)**

**അല്ലാഹു** തന്റെ അടിമയോട് കൈക്കൊള്ളുന്ന കരുണയുടെയും വിട്ടുവീഴ്ചയുടെയും ആഴവും പരപ്പും വ്യക്തമാക്കുന്നു ഈ ഹദീസ്. പാപത്തിന്റെ ആഴക്കങ്ങളിൽ അകപ്പെട്ടവർക്കുപോലും ആശ്വാസവും ആത്മവിശ്വാസവും നൽകുന്നു ഈ വാക്യങ്ങൾ. എല്ലാം പൊറുത്തുതരാൻ മാത്രം വിശാലനായ റബ്ബ് തനിക്കുണ്ടെന്നുള്ളത് മനുഷ്യനെ സംബന്ധിച്ചിടത്തോളം മഹാ സൗഭാഗ്യം തന്നെ.

പാപം മനുഷ്യ സഹജമെന്ന് പറഞ്ഞ പ്രവാചകൻ ചെയ്തുപോയ പാപങ്ങളിൽ മനംനൊന്ത് മടങ്ങുന്നവരാണ് ഏറ്റവും ശ്രേഷ്ഠരെന്നും പഠിപ്പിച്ചു.' 'നിങ്ങൾ തെറ്റുചെയ്യാത്ത ഒരു കൂട്ടരായിരുന്നുവെങ്കിൽ അല്ലാഹു നിങ്ങൾക്കു പകരം മറ്റൊരു കൂട്ടരെ തൽസ്ഥാനത്ത് കൊണ്ടുവരും; അവർ തെറ്റുകൾ ചെയ്യും. പശ്ചാത്തപിക്കുകയും ചെയ്യും."

സ്വന്തം അടിമയെ ശിക്ഷിക്കാനും പീഡിപ്പിക്കാനുമല്ല രക്ഷിക്കാനും സുഖൈശ്വര്യങ്ങൾ നൽകാനുമാണ് അല്ലാഹുവിനും പ്രിയം. തെറ്റുകുറ്റങ്ങൾ ചെയ്ത് തന്നിൽ നിന്നകന്നുപോയ തന്റെ അടിമയുടെ മടക്കം വിവരണാതീതമായ സന്തോഷമാണ് അല്ലാഹുവിൽ ഉളവാക്കുകയെന്ന് പ്രവാചകൻ അറിയിച്ചു. മരുഭൂമിയിലകപ്പെട്ട യാത്രക്കാരന് തന്റെ വാഹനവും സാധനസാമഗ്രികളും നഷ്ടപ്പെട്ടശേഷം അവ തിരിച്ചുകിട്ടുമ്പോൾ ഉണ്ടാകുന്നതിന്റെ അനേകമിരിട്ടി ആനന്ദമാണ് ഒരു അടിമ തന്നിലേക്ക് തിരിച്ചുനടക്കാൻ തീരുമാനിക്കുമ്പോൾ അല്ലാഹുവിനുണ്ടാകുന്നതെന്നും പ്രവാചകൻ വിശദീകരിച്ചു.

അല്ലാഹു തന്റെ അടിമകൾക്ക് പൊറുത്തുകൊടുക്കുന്ന തെറ്റുകളുടെ ആധിക്യത്തെ സംബന്ധിച്ച് താബിഅ് ആയ ഹബീബ്ബ്നു ഥാബിത്(റ) പറയുന്നത് കാണുക: "ഖിയാമത്ത് നാളിൽ ഓരോ മനുഷ്യനും മുന്നിൽ അവന്റെ തെറ്റുകൾ പ്രദർശിപ്പിക്കപ്പെടും. ആ തെറ്റുകളുടെ ചാരെ അവൻ ചെന്നു നിൽക്കും. എന്നിട്ട് പറയും: ഞാൻ ഏറെ ഭയപ്പെട്ടിരുന്ന എന്റെ തെറ്റുകളിതാ. അല്ലാഹു എനിക്കവ പൊറുത്തുതന്നതിനാൽ ഞാൻ ഇന്ന് സുരക്ഷിതൻ."

പ്രമുഖ സ്വഹാബി അബ്ദുല്ലാഹിബ്നു മസ്ഊദി(റ)നെ സമീപിച്ച് ഒരാൾ പറഞ്ഞു: "ഞാൻ ഒരു തെറ്റ് സദാ ആവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ പറ്റി താങ്കളുടെ അഭിപ്രായമെന്ത്? ഒരു തെറ്റ് ചെയ്ത് പശ്ചാത്തപിച്ച് വീണ്ടും ആ തെറ്റിലേക്ക് മടങ്ങി ഒരിക്കൽ കൂടി പശ്ചാത്തപിച്ച്....... എന്റെ തൗബ സ്വീകരിക്കപ്പെടുമോ?" ഉടൻ തന്നെ കണ്ണീർ വാർത്തുകൊണ്ട് ഇബ്നു മസ്ഊദിന്റെ മറുപടി: "എട്ട് വാതിലുകളുണ്ട് സ്വർഗത്തിന്. അവയെല്ലാം തുറക്കപ്പെടുകയും അടക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കും. എന്നാൽ തൗബയുടെ വാതിലിനായി പ്രത്യേകമായി നിയോഗിതനായ ഒരു മലക്കുണ്ടാകും. ഒരിക്കലുമത് കൊട്ടിയടക്കപ്പെടുകയില്ല. അതിനാൽ നീ പ്രവർത്തിച്ചുകൊണ്ടേയിരിക്കുക. നിരാശയിൽ പെട്ട് പോകരുത്."

"നിങ്ങൾ ചില കാര്യങ്ങൾ ചെയ്യുന്നു. അവ നിങ്ങളുടെ ദൃഷ്ടിയിൽ മുടിയേക്കാൾ നിസ്സാരവുമാണ്. എന്നാൽ, പ്രവാചകന്റെ കാലത്ത് ഞങ്ങൾ അവയെ, വൻ പാപങ്ങളുടെ ഗണത്തിലാണ് എണ്ണിയിരുന്നത്." സ്വഹാബിയായ അബൂസഈദിൽ ഖുദ്രി(റ)യുടെ ഈ വാക്കുകളിൽ ചിന്തിക്കാനേറെയുണ്ട്. തെറ്റുകളുടെ ഭാണ്ഡം അഴിക്കപ്പെട്ട് വിചാരണക്കായി നിൽക്കേണ്ടി വന്നാൽ നിന്ദ്യവും ദുസ്സഹവുമായിരിക്കും നമ്മുടെ അവസ്ഥ. അടിക്കടി നാം അറിയാതെ നമ്മിൽ കയറിക്കൂടുന്ന മാലിന്യങ്ങളെ കണ്ണീർ വീഴ്ത്തി തുടച്ചുനീക്കാൻ, പാപമോചനത്തിന്റെ വിശേഷപ്പെട്ട റമദാനിന്റെ ഈ നാളുകളിൽ നാം സമയം കണ്ടെത്തിയേ തീരൂ. ■